പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

**12.03.2020** -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 2541

## തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സജി ചെറിയാൻ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ. ഡി.കെ. മുരളി<br>ശ്രീ.പി.ടി.എ. റഹിം : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് തോട്ടം മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;<br><br>ബി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമിതനായ ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഉന്നതതല കമ്മിറ്റി സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) യും (ബി)യും തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൻമേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം<br><br>1) കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള തോട്ടം നികുതി റദ്ദു ചെയ്യുന്നതിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്ട് റദ്ദാക്കുന്നതിനു വേണ്ടി 2019-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>2)കേരളത്തിൽ കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് (1991-ലെ 15) റദ്ദാക്കുവാൻ സർക്കാർ തീരുമാനിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2019 -ലെ കേരള കാർഷികാദായ നികുതി ( റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>3) തോട്ടങ്ങളിൽ എല്ലാ ലയങ്ങളെയും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിരുന്നു. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടവിച്ചിട്ടുണ്ട്.<br><br>4) റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിയിരുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കി കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| | 5) സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിടപദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു.<br><br>6) തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.<br><br>7) പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ, നിയമ വകുപ്പുകളുടെ സജീവ പരിഗണനയിലാണ്.<br><br>9) കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് &മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രജൈൽ) ആക്റ്റിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കി.<br><br>10)ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തന രഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.<br><br>11) തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>12) പ്ലാന്റേഷൻ മേഖലയുടെ പ്രശ്ന പരിഹാരത്തിന് പ്ലാന്റേഷൻ പോളിസി രൂപീകരിക്കാൻ തീരുമാനിച്ചു. തോട്ടം മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് കരട് പ്ലാന്റേഷൻ നയത്തിന് രൂപം നൽകിയിട്ടുണ്ട്. കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്.<br><br>13) തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>14) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി)തോട്ടം മേഖലയിൽ ഭവനരഹിതരായവർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) ഉണ്ട്. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന സ്വന്തമായി സ്ഥലമുള്ള ഭവന രഹിതരായ തൊഴിലാളികൾക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങൾ നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കുറ്റിയാർവാലിയിൽ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള ലൈഫ് ഗുണഭോക്തൃ |

ലിസ്റ്റിൽ ഉൾപ്പെട്ട 10 തോട്ടം തൊഴിലാളികളെ തിരഞ്ഞെടുക്കുകയും 5 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 5 വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്.

തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി മൂന്നാറിൽ റവന്യൂ വകുപ്പിനു കീഴിലുള്ള 5.49 ഏക്കർ ഭൂമി കണ്ടെത്തുകയും, പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽ നിന്നും കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

ഭവനം ഫൗണ്ടേഷൻ കേരളയുടെ ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ പുനലൂരിലുള്ള റീ ഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിലെ (ആർ.പി.എൽ) തൊഴിലാളികളെ കൂടി ഉൾപ്പെടുത്തുകയും ആദ്യഘട്ട ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2020 ഫെബ്രുവരിയിൽ തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്കായി വയനാട് ജില്ലയിൽ സംസ്ഥാന ബീവറേജസ് കോർപ്പറേഷന്റെ സി. എസ്. ആർ. ഫണ്ട് ഉപയോഗിച്ച് 100 വീടുകൾ നിർമ്മിച്ചു നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ മറ്റ് തോട്ടം മേഖലകളിലുള്ള ഭവന രഹിതരായ തോട്ടം തൊഴിലാളികൾക്കും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും വീടുകൾ നിർമ്മിച്ചു നൽകുന്ന കാര്യം പരിഗണനയിലാണ്.

Anishan

**സെക്ഷൻ ഓഫീസർ**